**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 775** **29/10/2019 ൽ മറുപടിക്ക്**

**ശബരിമല മണ്ഡല-മകരവിളക്ക് ക്രമീകരണങ്ങൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവത്തോട് അനുബന്ധിച്ച് എരുമേലി ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലും വാവരുപള്ളിയിലും എത്തുന്ന ഭക്തജനങ്ങൾക്ക് വേണ്ടി എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത തീർത്ഥാടന സ്ഥലങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനുമായി എത്ര മീറ്റിംഗുകൾ ദേവസ്വം ബോർഡ് വിളിച്ച് ചേർത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 03.10.2019-ന് ദേവസ്വം ബോർഡ് ആസ്ഥാനത്ത് വച്ച് ദേവസ്വം ബോർഡ് പ്രിസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകനയോഗം ചേർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1 എരുമേലി ക്ഷേത്രത്തിലെത്തുന്ന അയ്യപ്പഭക്തർക്ക് 24 മണിക്കൂറും ഇടതടവില്ലാതെ ശുദ്ധജലവും, കുടിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ ചുക്കുവെള്ളവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്

2 അയ്യപ്പഭക്തരുടെ തിരക്കു വർദ്ധിക്കുന്നതിനനുസ്സരിച്ച് പാരിസ്ഥിതിക പ്രശ്നം ഒഴിവാക്കുന്നതിലേയ്ക്ക് ദേവസ്വം ബോർഡ് സ്ഥാപിച്ചിട്ടുള്ള രണ്ടു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും, ഒരു മൊബൈൽ ട്രീറ്റ്മെന്റ് പ്ലാന്റും മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ പാലിച്ച് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

3 ആയുർവേദ, അലോപ്പതി താല്കാലിക ഡിസ്പൻസറികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തി.

4 ഭക്തജനസുരക്ഷക്ക് ഫയർ ആന്റ് റസ്ക്യൂ, ഹെൽത്ത്, പോലീസ്, റവന്യൂ,ഭക്ഷ്യസുരക്ഷ, എക്സൈസ്, വാട്ടർ അതോറിറ്റി, കെ.എസ്.ആർ.ടി.സി. തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനത്തിനും, ഡ്യൂട്ടിക്കാരുടെ താമസം ,ഭക്ഷണം അടക്കം ആവശ്യമായ കെട്ടിടവും മറ്റ് പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു.

5 അയ്യപ്പഭക്തൻമാർക്ക് കെട്ടുനിറക്കുന്നതിനും വിരി വച്ചു തങ്ങുന്നതിനുമായി പിൽഗ്രിം ഷെൽട്ടറുകൾ അറ്റകുറ്റപണികൾ തീർക്കുന്ന പണികൾ നടന്നുവരുന്നു..

6 അയ്യപ്പഭക്തൻമാർക്ക് പ്രാഥമികാവശ്യങ്ങൾക്ക് 240 ശൗച്യാലയങ്ങളും, 100 കുളിമുറികളും ഷവർ ബാത്തുകളും ക്രമീകരിക്കുന്നതിനുള്ള ജോലികൾ നടന്നുവരുന്നു.

7 അയ്യപ്പഭക്തരുടെ വാഹനങ്ങൾ പാർക്കുചെയ്യുന്നതിനു സ്റ്റേഡിയവും പാർക്കിംഗ് ഗ്രൗണ്ടുകളും മുൻവർഷത്തെക്രമം വൃത്തിയാക്കുന്ന ജോലികൾ നടന്നുവരുന്നു..

8 അയ്യപ്പഭക്തർക്ക് ഉച്ചക്ക് ഔഷധ കഞ്ഞിയും വൈകിട്ട് അത്താഴ കഞ്ഞിയും സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വികരിച്ചിട്ടുണ്ട്.

9 അയ്യപ്പഭക്തന്മാർക്ക് ഇടതടവില്ലാതെ അപ്പം, അരവണ പ്രസാദങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

Section Officer